LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവിഭാഗത്തിൽപ്പെട്ട സമുദായത്തിലെ ആൾക്കാർ തമ്മിൽ മിശ്രവിവാഹം നടത്തിയാൽ അവർക്കുണ്ടാകുന്ന കുട്ടികൾക്ക്, അവർ മാതാപിതാക്കളിൽ ആരുടെ സമുദായത്തിന്റെ ആചാരനുഷ്ഠാനങ്ങൾ പ്രകാരമാണോ ജീവിക്കുന്നത് എന്ന് അന്വേഷണം നടത്തി, സ.ഉ.(കൈ) 109/2008/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജാതി സർട്ടിഫിക്കറ്റ് നൽകി വരുന്നു.

(ബി) ഉണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി, ആവശ്യമെന്ന് കാണുന്ന കേസുകളിൽ തുടർനടപടി സ്വീകരിക്കാറുണ്ട്.

പുറമ്പോക്കുഭൂമി പതിച്ചുനൽകൽ

154(3034) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളം പുറമ്പോക്കുകളിലും, പാറ പുറമ്പോക്കുകളിലും താമസിക്കുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി കൈവശ സ്ഥലം പതിച്ചു കൊടുക്കുവാൻ തീരുമാനം ആയിട്ടുണ്ടോ;

(ബി) എങ്കിൽ അവർക്ക് സമയബന്ധിതമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2)(i), (viii) കേരള ഭൂസംരക്ഷണ നിയമം വകുപ്പുകൾ (3), (4) എന്നിവ പ്രകാരം കളം, പാറ പുറമ്പോക്കുകൾ പതിച്ചു നൽകാൻ വ്യവസ്ഥയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി പ്രസ്തുത പുറമ്പോക്കുകൾ പതിച്ചു നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. എന്നാൽ 23-9-2015-ലെ സ.ഉ.(എം എസ്.)നമ്പർ 484/2015/റവ. ഉത്തരവ് പ്രകാരം പാറയായി കാണപ്പെടുന്ന സ്ഥലം സർവ്വേ ചെയ്ത് പാറ പുറമ്പോക്കിൽ നിലനിർത്തുന്നതിനും ബാക്കി സ്ഥലം അളന്ന് പുറമ്പോക്കിലേക്ക് മാറ്റി അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പുറമ്പോക്ക് ഭൂമി പതിച്ചുനൽകൽ

155(3035) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി പതിച്ചു നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം റവന്യൂ പുറമ്പോക്ക് ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്ക്-വ്യക്തികൾക്ക് പതിച്ചു നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ?